ഉത്തരം

(എ) പതിനാല് ജില്ലകളിലായി ശരാശരി 500 അപേക്ഷകർ വീതം അപേക്ഷ സമർപ്പിച്ച് എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് ബുക്കിനായി കാത്തിരിക്കുന്നുണ്ട്.

(ബി) ബുക്ക് പൂർണ്ണമായി നഷ്ടപ്പെട്ടതാണെങ്കിൽ ഗസറ്റ് നോട്ടിഫിക്കേഷൻ ലഭിക്കുന്ന മുറയ്ക്ക് 6 മാസത്തിനുള്ളിലും ഭാഗികമായി നഷ്ടപ്പെട്ടതാണെങ്കിൽ സർട്ടിഫിക്കറ്റിന്റെ അവശേഷിക്കുന്ന ഭാഗങ്ങൾ സഹിതം ആവശ്യമായ രേഖകളോടെ സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഏകദേശം ഒരു മാസത്തിനുള്ളിലും ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി ആന്റ് ഡി) സമയബന്ധിതമായി ചെയ്തു തീർക്കേണ്ട പരീക്ഷാ ജോലികൾക്ക് ജീവനക്കാരുടെ മുഴുവൻ സമയ സേവനവും വർഷത്തിൽ ആറു മാസത്തിലേറെ വിനിയോഗിക്കേണ്ടിവരുന്നതിനാൽ ആ കാലഘട്ടങ്ങളിൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട ജോലികളിൽ കാലതാമസം വരാറുണ്ട്. എങ്കിലും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പരീക്ഷാഭവന് നിർദ്ദേശം കൊടുക്കാറുണ്ട്.

(ഇ) ഗസറ്റ് വിജ്ഞാപനം ആവശ്യമായി വരുന്നവയൊഴികെയുള്ളവയിൽ ഒരു മാസത്തിനുള്ളിൽ നടപടി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

വ്യാജ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നിർമ്മാണകേന്ദ്രം

330 [2388] ശ്രീ. അടൂർ പ്രകാശ്:
" ഡൊമിനിക് പ്രസന്റേഷൻ:
" എം. കെ. പോൾസൺ മാസ്റ്റർ:
" എം. മുരളി:
" എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നിർമ്മാണ കേന്ദ്രം പ്രവർത്തിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) ഇത്തരത്തിൽ വ്യാജനിർമ്മാണം നടത്തിയവരെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; ആരെയെല്ലാം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ മംഗലപുരം പോലീസ് സ്റ്റേഷൻ, എറണാകുളം ജില്ലയിൽ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ എന്നിവയുടെ പരിധിയിലാണ് അവ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞിട്ടുണ്ട്. അവരുടെ പേരുവിവരം താഴെ കാണുംപ്രകാരമാണ്:

തിരുവനന്തപുരം

1. സുലൈമാൻ
2. നിസ്സാർ
3. ശ്രീകണ്ഠൻ നായർ
4. ഫസലുദ്ദീൻ
5. സതീഷ് കുമാർ

എറണാകുളം

1. രാമചന്ദ്രൻ
2. പ്രമോദ്
3. എൽസി
4. ആന്റണി
5. എബ്രഹാം ജേക്കബ്

കാസർഗോഡ്

1. റ്റൈറ്റസ് തോമസ്
2. കെ. വി. രാജു
3. രമേശൻ

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

331 [2389] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിൽ പ്ലസ് ടു കോഴ്സ് ഉള്ള സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കാമോ?

ഉത്തരം

(എ ആന്റ് ബി) 2004 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ പാസ്സായ കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകൾ ഒഴികെ സംസ്ഥാനത്തൊട്ടാകെ 194 ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ 80 ഗവൺമെന്റ് സ്കൂളുകളിൽകൂടി പുതുതായി പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിനും നിലവിലുള്ള 60 പ്ലസ് ടു സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതു കൂടാതെ ഈ അദ്ധ്യയനവർഷത്തേക്ക് പ്ലസ് വൺ അഡ്മിഷന് 30 ശതമാനം സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly